പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2918** **18.06.2018-ന് മറുപടിക്ക്**

# മൂലത്തറ ആർ.ബി.സി യുടെ സ്ഥലമെടുപ്പ് നടപടികൾ

| ചോദ്യം<br>ശ്രീ.കെ. കൃഷ്ണൻകുട്ടി | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ മൂലത്തറ ആർ.ബി.സി യുടെ സ്ഥലമെടുപ്പ് നടപടികൾ സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടർ ഇന്നേവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) യും (ബി) യും | സംസ്ഥാനത്ത് പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നത് LARR Act, 2013, NH Act, 1956 (ദേശീയപാതക്കു വേണ്ടി) എന്നീ നിയമങ്ങൾ പ്രകാരമാണ്. LARR Act 2013 - പ്രകാരം സ്ഥലമേറ്റെടുക്കുന്ന അവസരങ്ങളിൽ ഭൂവുടമകൾക്ക് കൂടുതൽ നഷ്ടപരിഹാരം നല്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ പ്രസ്തുത നിയമത്തിലെ Section 108 പ്രകാരം ഭൂവുടമകളുമായി negotiation നടത്തി സ്ഥലവില നിർണ്ണയിക്കുവാൻ നിയമം അനുശാസിക്കുന്നു.<br><br>ഡയറക്ട്/ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്ന അവസരങ്ങളിൽ ഭരണ വകുപ്പ് വ്യക്തമായ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുണ്ട്. ഭരണ വകുപ്പിന്റെ ഭരണാനുമതി ലഭിച്ചതിനു ശേഷം നിലവിലുള്ള നിയമ പ്രകാരം ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഹൈ ലെവൽ കമ്മിറ്റിയുടെ (HLC) അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ട്. ഹൈ ലെവൽ കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് സ്ഥലമേറ്റെടുക്കുന്നതിന് അംഗീകാരം നല്കി കൊണ്ടുള്ള ഉത്തരവ് |
| (ബി) | ഒരു പദ്ധതിയുടെ സ്ഥലമെടുപ്പിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ; മൂലത്തറ ആർ.ബി.സി യുടെ സ്ഥലമെടുപ്പിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന ഒരു റിപ്പോർട്ട് സഭയ്ക്ക് നൽകാമോ; | | |

പുറപ്പെടുവിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച് ഭൂ ഉടമകളെ വിളിച്ചുകൂട്ടി DLFC കൂടേണ്ടതുമാണ്. DLFC അംഗീകരിച്ച വില സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (SLEC) മുമ്പാകെ സമർപ്പിക്കുന്നു. സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (SLEC) അംഗീകരിച്ച വിലയുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് സ്ഥലവില അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരമാണ് direct/negotiated purchase പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നത്.

27/03/2018-ലെ സ.ഉ.(സാധാ) 1122/2018/RD നം. ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ കോഴിപ്പതി, എരുത്തേമ്പതി എന്നീ വില്ലേജുകളിലുൾപ്പെട്ട 806.82 ആർ സ്ഥലം മൂലത്തറ റൈറ്റ് ബാങ്ക് കനാലിന്റെ വികസനത്തിനായി ഡയറക്ട്/ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുവാൻ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 16-04-2018 ന് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും എൽ.എ.(ജനറൽ) -2 സ്പെഷ്യൽ തഹസിൽദാരെ എൽ.എ.ഒ ആയി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അർത്ഥനാധികാരി സമർപ്പിച്ച അലൈൻമെന്റ് സ്കെച്ചും, ഭൂമിയുടെ ഷെഡ്യൂളും അനുസരിച്ച് സർവ്വേ ജോലികൾ ആരംഭിച്ചു. സർവ്വേ നടപടികൾ ആരംഭിച്ചപ്പോൾ ചില സ്ഥലങ്ങൾ 10 മീറ്റർ വീതിയിൽ കല്ലിട്ടിരിക്കുന്നതെങ്കിൽ മറ്റു ചില ഭാഗത്ത് 5 മീറ്റർ വീതിയിലും 7 മീറ്റർ വീതിയിലും

| | | | |
|---|---|---|---|
| | | | കല്ല് സ്ഥാപിച്ചിട്ടുള്ളതിനാൽ സർവ്വേ ജോലികൾ കൃത്യമായി നടത്താൻ കഴിയാത്ത അവസ്ഥ നിലവിലുള്ള തിനാൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ) വിളിച്ചു കൂട്ടിയ യോഗത്തിൽ റിക്വിസിഷൻ അതോറിറ്റിയോട് 10 മീറ്റർ അകലത്തിൽ സർവ്വേ കല്ല് സ്ഥാപിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്. റിക്വിസിഷൻ അതോറിറ്റി 10 മീറ്റർ അകലത്തിൽ സർവ്വേ കല്ല് സ്ഥാപിക്കുന്ന മുറക്ക് ജില്ലാതല പർച്ചേസ് കമ്മിറ്റി കൂടി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സ്ഥലമെടുപ്പ് തഹസീൽദാർ ഓഫീസ് കൂടുതൽ കാര്യക്ഷമ മാക്കാനും ജീവനക്കാർ സമയ ബന്ധിതമായി സർവേ, സ്ഥലമെടുപ്പ് സംബന്ധിച്ച ജോലികൾ ചെയ്ത് ഭൂമി ജലസേചന വകുപ്പിന് കൈമാറാനും എന്തൊക്കെ നടപടികളാണ് ജില്ലാ ഭരണകൂടം ചെയ്യാനുദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും | പദ്ധതിക്കായി 2 സർവ്വേയർമാരെ അധികമായി നിയോഗിച്ച് അടിയന്തരമായി സർവ്വേ ജോലികൾ തീർക്കാൻ ഉദ്ദേശിക്കുന്നു.<br><br>റിക്വിസിഷൻ അതോറിറ്റി 10 മീറ്റർ അകലത്തിൽ സർവ്വേ കല്ല് സ്ഥാപിക്കുന്ന മുറക്ക് സർവ്വേ ജോലികൾ പൂർത്തീകരിച്ച് സ്ഥലവില നിർണ്ണയി ക്കുന്നതിനുള്ള ജില്ലാതല പർച്ചേസ് കമ്മിറ്റി കൂടി ശുപാർശ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാര ത്തിന് സമർപ്പിക്കുന്നതാണ്. |
| (ഡി) | ഇതു സംബന്ധിച്ച സമയ ബന്ധിതമായ ഒരു ആക്ഷൻ പ്ലാൻ ലഭ്യമാക്കാമോ; | | |

സെക്ഷൻ ഓഫീസർ